16.06.24 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 03-03-2000

# ശുഭ ഭാവവും പ്രേമ ഭാവവും ഇമർജ് ചെയ്തു ക്രോധമെന്ന മഹാശത്രുവിന് മേൽ വിജയിയാകൂ

ഇന്ന് ബാപ്ദാദ തന്റെ ജന്മ പങ്കാളികളെ, ഒപ്പമൊപ്പം സേവന പങ്കാളികളെ കണ്ട് ഹർഷിതനാകുകയാണ്. ഇന്ന് താങ്കളെല്ലാവർക്കും ബാപ്ദാദയുടെ അലൗകിക ജന്മത്തിന്റെ, ഒപ്പം ജന്മപങ്കാളികളുടെയും ജന്മദിവസത്തിന്റെ സന്തോഷമുണ്ട് എന്തുകൊണ്ട്? ഇതുപോലെ വേറിട്ടതും വളരെയധികം പ്രിയപ്പെട്ടതുമായ അലൗകിക ജന്മം വേറെയാർക്കും ഉണ്ടാകില്ല. ഇങ്ങനെയൊരിക്കലും കേട്ടിട്ടുണ്ടാവില്ല അച്ഛന്റെ ജന്മദിനവും കുട്ടികളുടെ ജന്മദിനവും ഒന്നാണ് എന്ന്. ഈ വേറിട്ടതും പ്രിയപ്പെട്ടതുമായ വജ്ര തുല്യ ജന്മം ഇന്ന് താങ്കൾ ആഘോഷിക്കുകയാണ്. ഒപ്പം എല്ലാവർക്കും ഈ വേറിട്ടതും പ്രിയപ്പെട്ടതുമായ സ്മൃതിയുണ്ട് അതായത് ഈ അലൗകിക ജന്മം വളരെ വിചിത്രമാണ് ,സ്വയം ഭഗവാൻ - പിതാവ് കുട്ടികളുടെ ജന്മദിനം ആഘോഷിക്കുകയാണ്. പരമാത്മാവ് കുട്ടികളുടെ, ശ്രേഷ്ഠ ആത്മാക്കളുടെ ജന്മ ദിവസം ആഘോഷിക്കുകയാണ്. ലോകത്തിൽ പേരിനു മാത്രം ചിലർ പറയുന്നു നമ്മെ ജനിപ്പിച്ചത് ഭഗവാനാണ് പരമാത്മാവാണ് എന്ന്. എന്നാൽ അറിയുന്നില്ല, അതു സ്മൃതിയിലുമില്ല. താങ്കൾ എല്ലാവരും അനുഭവത്തിലൂടെ പറയുന്നു - നമ്മൾ പരമാത്മാ വംശികളാണ്, ബ്രഹ്മാവംശികളാണ്. പരമാത്മാവ് നമ്മുടെ ജന്മദിവസം ആഘോഷിക്കുന്നു.

ഇന്ന് എല്ലായിടത്തു നിന്നും ഇവിടെ എത്തിയിരിക്കുന്നത് എന്തിനാണ്? ആശംസകൾ നേരാനും ആശംസകൾ എടുക്കാനുമായി. ബാപ്ദാദ വിശേഷിച്ച് തന്റെ ജന്മ പങ്കാളികൾക്ക് ആശംസകൾ നേരുന്നു. സേവന പങ്കാളികൾക്കും ആശംസകൾ നേരുന്നു. ആശംസകൾക്കൊപ്പം പരമ പ്രേമത്തിന്റെ മുത്തുകൾ, വജ്രങ്ങൾ, ആഭരണങ്ങളിലൂടെ വർഷിക്കുകയാണ്. പ്രേമത്തിന്റെ മുത്തുകൾ കണ്ടിട്ടില്ലേ. പ്രേമത്തിന്റെ മുത്തുകളെ അറിയാമല്ലോ? പുഷ്പവർഷം, സ്വർണ്ണവർഷം എല്ലാവരും ചെയ്യുന്നു, എന്നാൽ ബാപ്ദാദ താങ്കൾ എല്ലാവരിലും പരമ പ്രേമത്തിന്റെ അലൗകിക സ്നേഹത്തിന്റെ മുത്തുകൾ വർഷിക്കുകയാണ്. ഒരു മടങ്ങല്ല, പദം-പദം-പദം മടങ്ങ് ഹൃദയത്തിൽ നിന്നും ആശംസകൾ നൽകുന്നു. താങ്കൾ എല്ലാവരും ഹൃദയത്തിൽ നിന്നും ആശംസകൾ നേരുന്നുണ്ട്, അതും ബാപ്ദാദയുടെ അടുക്കൽ എത്തുകയാണ്. ഇന്ന് ആഘോഷിക്കുകയും ആശംസിക്കുകയും ചെയ്യുന്ന ദിവസമാണ്. ആഘോഷിക്കുന്ന സമയം എന്താണ് ചെയ്യുന്നത്? ബാന്റ് മേളം മുഴക്കുന്നു. ബാപ്ദാദ എല്ലാ കുട്ടികളുടെയും മനസ്സിന്റെ സന്തോഷത്തിന്റെ ബാന്റ്, പാട്ട്-മേളങ്ങളും കേൾക്കുകയാണ്. ഭക്തർ വിളിച്ചു കൊണ്ടിരിക്കുന്നു താങ്കൾ കുട്ടികളാണെങ്കിൽ ബാബയുടെ സ്നേഹത്തിൽ ലയിച്ചിരിക്കുന്നു. ലയിച്ചിരിക്കാൻ അറിയില്ലേ? ഈ ലയിച്ചിരിക്കുക - ഇത് തന്നെയാണ് സമാനമാക്കുന്നത്.

ബാപ്ദാദക്ക് കുട്ടികളെ തന്നിൽ നിന്നും വേർപെടുത്താൻ കഴിയില്ല. കുട്ടികളും വേറിടാൻ ആഗ്രഹിക്കുന്നില്ല എന്നാൽ ഇടക്കിടെ മായയോട് കളിച്ചു കളിച്ചു അല്പം ഒഴിഞ്ഞു മാറുന്നു. ബാപ്ദാദ പറയുന്നു ഞാൻ താങ്കൾ കുട്ടികളുടെ ആശ്രയമാണ്, എന്നാൽ കുട്ടികൾ വികൃതിക്കാരല്ലേ. മായ വികൃതിയാക്കി മാറ്റുന്നു, വികൃതികളല്ല, മായ ആക്കി മാറ്റുന്നു. ആശ്രയത്തിൽ നിന്നും ഒഴിച്ച് മാറ്റുന്നു. എന്നാലും ബാപ്ദാദ ആശ്രയമായി വന്ന് സമീപം കൊണ്ട് വരുന്നു. ബാപ്ദാദ എല്ലാ കുട്ടികളോടും ചോദിക്കുന്നു ഓരോരുത്തരും ജീവിതത്തിൽ എന്താഗ്രഹിക്കുന്നു? വിദേശികൾ രണ്ടു കാര്യങ്ങൾ വളരെ ഇഷ്ടപ്പെടുന്നു. ഡബിൾ വിദേശികളുടെ പ്രിയപ്പെട്ട രണ്ടു വാക്കുകൾ ഏതെല്ലാമാണ്? (കംപാനിയൻ, കമ്പനി - പങ്കാളി, കൂട്ട്) ഇത് രണ്ടും ഇഷ്ടമാണ്. ഇഷ്ടമാണെങ്കിൽ ഒരു കൈ പൊക്കൂ. ഭാരതവാസികൾക്ക് ഇഷ്ടമാണോ? കംപാനിയൻ ആവശ്യമാണ് കമ്പനിയും ആവശ്യമാണ്. കമ്പനിയില്ലാതെയിരിക്കാൻ സാധിക്കില്ല കംപാനിയൻ ഇല്ലാതെയും പറ്റില്ല. അപ്പോൾ താങ്കളെല്ലാവർക്കും എന്താണ് ലഭിച്ചത്? കംപാനിയൻ ലഭിച്ചുവോ? പറയൂ അതെയോ ഇല്ലയോ? (ഹാംജി - ഉവ്വ്) കമ്പനി ലഭിച്ചുവൊ? (ഹാംജി - ഉവ്വ്) ഇങ്ങനെയൊരു കമ്പനി, അല്ലെങ്കിൽ കംപാനിയൻ മുഴുവൻ കൽപത്തിലും ലഭിച്ചിട്ടുണ്ടോ? കൽപ്പം മുൻപ് ലഭിച്ചിട്ടുണ്ടോ? ഈ കംപാനിയൻ ഒരിക്കലും ഒഴിഞ്ഞു മാറില്ല, എത്ര തന്നെ വികൃതിയായാലും പിന്നെയും ആശ്രയം തന്നെയായി മാറുന്നു. മാത്രമല്ല താങ്കളുടെ ഹൃദയത്തിന്റെ പ്രാപ്തികൾ ആ സർവ്വ പ്രാപ്തികളെയും പൂർത്തിയാക്കുന്നു. എന്തെങ്കിലും അപ്രാപ്തിയുണ്ടോ? എല്ലാവരും ഹൃദയം കൊണ്ട് പറയുകയാണോ അതോ മര്യദയ്ക്കനുസരിച്ചു അതേ എന്ന് പറഞ്ഞതാണോ? പാടുന്നുണ്ടല്ലോ പ്രാപ്തമാക്കേണ്ടത് പ്രാപ്തമാക്കി എന്ന് അതോ ഇനിയും പ്രാപ്തമാക്കാനുണ്ടോ? പ്രാപ്തമാക്കിയോ? പ്രാപ്തമാക്കാൻ ഇനിയൊന്നുമില്ലേ അതോ അൽപസ്വല്പം ആഗ്രഹങ്ങൾ ബാക്കിയുണ്ടോ? എല്ലാ ആഗ്രഹവും പൂർത്തിയായോ അതോ

ബാക്കിയുണ്ടോ? ബാപ്ദാദ പറയുന്നു ബാക്കിയുണ്ട് (ബാബയെ പ്രത്യക്ഷമാക്കാനുള്ള ആഗ്രഹം ബാക്കിയുണ്ട്) ഇത് ബാബയുടെ ആഗ്രഹമാണ് എല്ലാ കുട്ടികളും അറിയണം എന്ന്. ബാബ വന്നിട്ട് ആരെങ്കിലും വിട്ടു പോകുക!....... അപ്പോൾ ഇത് ബാപ്ദാദയുടെ വിശേഷ ആഗ്രഹമാണ് എല്ലാവർക്കും കുറഞ്ഞത് അറിയാൻ സാധിക്കണം – നമ്മുടെ സദാ കാലത്തെ ബാബ വന്നു. എന്നാൽ കുട്ടികളുടെ പരിധിയുള്ള മറ്റെല്ലാ ആഗ്രഹവും പൂർണ്ണമായി, പ്രേമത്തിന്റെ ആഗ്രഹമാണ്. ഓരോരുത്തരും ആഗ്രഹിക്കുന്നു സ്റ്റേജിൽ വരണം എന്ന്, ഇങ്ങനെയുണ്ടോ? (ഇപ്പോൾ ബാബ സ്വയം എല്ലാവരുടെയും അടുക്കൽ വരുന്നു) ഈ ആഗ്രഹവും പൂർത്തിയായല്ലോ? സന്തുഷ്ട ആത്മാകളാണ്, ആശംസകൾ, കാരണം എല്ലാവരും വിവേകശാലിയാണ്. മനസ്സിലാക്കുന്നു ഏതുപോലെ സമയം അതുപോലെ സ്വരൂപം ആകുക തന്നെ വേണം ഇതിനാൽ ബാപ്ദാദയും ഡ്രാമയുടെ ബന്ധനത്തിലാണല്ലോ! അപ്പോൾ എല്ലാ കുട്ടികളും സമയമനുസരിച്ചു സന്തുഷ്ടരാണ് , സദാ സന്തുഷ്ടമണിയായി തിളങ്ങിക്കൊണ്ടിരിക്കുന്നുണ്ടോ? എന്ത് കൊണ്ട്? താങ്കൾ സ്വയം പറയുന്നു – പ്രാപ്തമാക്കേണ്ടത് പ്രാപ്തമാക്കി. ഇത് ബ്രഹ്മാബാബയുടെ ആദിയിലെ അനുഭവത്തിന്റെ വാക്കുകളാണ്, അപ്പോൾ എന്താണോ ബ്രഹ്മാബാബയുടെ വാക്കുകൾ അതു തന്നെ സർവ്വ ബ്രാഹ്മണരുടെയും വാക്കുകൾ. ബാപ്ദാദ എല്ലാ കുട്ടികൾക്കും ഇത് റിവയ്സ് ചെയ്യിപ്പിക്കുകയാണ് സദാ ബാബയുടെ കമ്പനിയിൽ ഇരിക്കൂ. ബാബ സർവ്വ ബന്ധങ്ങളുടെയും അനുഭവം ചെയ്യിപ്പിച്ചിട്ടുണ്ട്. പറയുന്നുമുണ്ട് ബാബയാണ് സർവ്വബന്ധു എന്ന്. സർവ്വ സംബന്ധുവാണെങ്കിൽ സമയമനുസരിച്ചു ബന്ധത്തെ കാര്യത്തിൽ എന്തുകൊണ്ട് ഉപയോഗിക്കുന്നില്ല! ഈ സർവ്വ സംബന്ധം സമയാസമയം അനുഭവിച്ചുകൊണ്ടിരിക്കൂ എങ്കിൽ കംപാനിയനുമായിരിക്കും കമ്പനിയും ഉണ്ടാകും. മറ്റൊരു കൂട്ടുകെട്ടിലും മനസ്സും ബുദ്ധിയും പോകുക സാധ്യമല്ല. ബാപ്ദാദ ഓഫർ (വാഗ്ദാനം) തരികയാണ് – സർവ്വ സംബന്ധവും ഓഫർ ചെയ്യുകയാണെങ്കിൽ അവ എല്ലാറ്റിന്റെയും സുഖമെടുക്കൂ. സംബന്ധങ്ങളെ കാര്യത്തിലുപയോഗിക്കൂ.

ബാപ്ദാദ നോക്കുമ്പോൾ – ചില ചില കുട്ടികൾ ചില ചില സമയത്ത് സ്വയം ഒറ്റയ്ക്കാണെന്ന് അല്ലെങ്കിൽ അല്പം നീരസം അനുഭവിക്കുന്നു. അപ്പോൾ ബാപ്ദാദയ്ക്ക് ദയ വരുന്നു ഇത്രയും ശ്രേഷ്ഠ കമ്പനിയുണ്ടായിട്ടും, ആ കമ്പനി എന്ത് കൊണ്ട് കാര്യത്തിലുപയോഗിക്കുന്നില്ല? പിന്നെന്ത് പറയുന്നു? എന്തുകൊണ്ട് എന്തുകൊണ്ട് (വൈ വൈ) ബാപ്ദാദ പറഞ്ഞിട്ടുണ്ട് വൈ (എന്തുകൊണ്ട്) എന്ന് പറയാതിരിക്കൂ, ഈ വാക്ക് വരുമ്പോൾ, വൈ എന്നത് നെഗറ്റീവ് ആണ് പോസിറ്റീവാണ് ഫ്ളൈ (പറക്കുക) അപ്പോൾ വൈ വൈ എന്നൊരിക്കലും പറയരുത്, ഫ്ളൈ ഓർക്കൂ. ബാബയെ പങ്കാളിയാക്കി പറക്കുകയാണെങ്കിൽ വളരെ രസകരമായിരിക്കും. കമ്പനിയും കംപാനിയനും രണ്ടു രൂപത്തിലും മുഴുവൻ ദിവസവും കാര്യത്തിലുപയോഗിക്കൂ. ഇങ്ങനെയൊരു കംപാനിയൻ പിന്നെ കിട്ടുമോ? ബാപ്ദാദ ഇങ്ങനേയും പറയുന്നു – താങ്കൾ ബുദ്ധികൊണ്ടും ശരീരം കൊണ്ടും – രണ്ടു തരത്തിലും തളരുകയാണെങ്കിൽ കംപാനിയൻ താങ്കൾക്ക് രണ്ടു തരത്തിലും മസാജ് ചെയ്ത് തരാനും തയ്യാറാണ്. വിനോദിപ്പിക്കുന്നതിനും എവറെഡി ആണ്. പിന്നെ പരിധിയുള്ള വിനോദത്തിന്റെ ആവശ്യമേ ഉണ്ടാകില്ല. ഇങ്ങനെ യൂസ് ചെയ്യാൻ അറിയാമോ അതോ വലുതിലും വലിയ ബാബയാണ്, ടീച്ചറാണ്, സത്ഗുരുവാണ് .....? എന്നാലും സർവ്വ സംബന്ധിയല്ലേ. മനസ്സിലായോ? ഡബിൾ വിദേശികൾക്ക്?

ശരി – എല്ലാവരും ബർത്ത്ഡേ ആഘോഷിക്കാൻ വന്നതല്ലേ! ബർത്ത്ഡേ ആഘോഷിക്കുമ്പോൾ ആരുടെ ബർത്ത്ഡേ ആഘോഷിക്കുന്നോ അവർക്ക് ഗിഫ്റ്റ് നൽകാറുണ്ടോ അതോ ഇല്ലയോ? (നൽകാറുണ്ട്) ഇന്ന് താങ്കളെല്ലാവരും ബാബയുടെ ബർത്ത്ഡേ ആഘോഷിക്കാൻ വന്നു. പേര് ശിവരാത്രിയെന്നാണ്, അപ്പോൾ പ്രത്യേകിച്ചും ബാബയുടെ ആഘോഷിക്കാൻ വന്നിരിക്കുകയാണ്. ആഘോഷിക്കാൻ വന്നതല്ലേ? അപ്പോൾ ബർത്ത്ഡേയ്ക്ക് ഗിഫ്റ്റ് എന്താണ് നൽകിയത്? അതോ മെഴുകുതിരി കത്തിക്കും, കേക്ക് മുറിക്കും ... ഇങ്ങനെ ആഘോഷിക്കുക മാത്രമാണോ? ഇന്നെന്ത് ഗിഫ്റ്റ് നൽകി? അതോ നാളെ തരുമോ? ചെറുതായാലും വലുതായാലും ഗിഫ്റ്റ് നൽകാറുണ്ടല്ലോ! അപ്പോൾ എന്ത് നൽകി? ചിന്തിക്കുകയാണോ? നൽകാൻ തയ്യാറാണോ? എന്ത് ബാപ്ദാദ പറയുന്നുവോ അതു തരുമോ അതോ താങ്കളുടെ സ്വന്തം ആഗ്രഹമനുസരിച്ചു തരുമോ? എന്ത് ചെയ്യും? ബാപ്ദാദ എന്താഗ്രഹിക്കുന്നോ അതു തരുമോ അതോ സ്വന്തം ഇഷ്ടപ്രകാരം തരുമോ? (ബാപ്ദാദ എന്താഗ്രഹിക്കുന്നോ അത് തരും) നോക്കൂ, അൽപ്പം ധൈര്യം വെയ്ക്കേണ്ടി വരും. ധൈര്യമുണ്ടോ? മധുബൻക്കാർക്ക് ധൈര്യമുണ്ടോ? ഡബിൾ വിദേശികൾക്ക് ധൈര്യമുണ്ടോ? കൈ നന്നായി ഉയർത്തുന്നുണ്ട്. ശരി – ശക്തികളിൽ, പാണ്ഡവരിൽ ധൈര്യമുണ്ടോ? ഭാരതവാസികളിൽ ധൈര്യമുണ്ടോ? വളരെ നല്ലത്. ഇത് തന്നെ ബാബയ്ക്കുള്ള ആശംസകൾ ലഭിച്ചു കഴിഞ്ഞു. ശരി, കേൾപ്പിക്കട്ടെ. ഇത് ചിന്തിക്കേണ്ടി വരുമെന്നൊന്നും പറയില്ലല്ലോ? ചെയ്യാം–ചെയ്യാം എന്ന് പറഞ്ഞുകൊണ്ടിരിക്കരുത്. ഒരു കാര്യം ബാപ്ദാദ ഭൂരിപക്ഷം പേരിലും കണ്ടു. കുറച്ച് പേരിലല്ല, ഭൂരിപക്ഷം

പേരിൽ. എന്ത് കണ്ടൂ? എന്തെങ്കിലും പരിതസ്ഥിതി വരുമ്പോൾ ഭൂരിപക്ഷം പേരിലും ഒന്ന്, രണ്ട്, മൂന്ന് ക്രമത്തിൽ ക്രോധത്തിന്റെ അംശം ആഗ്രഹിച്ചില്ലെങ്കിലും ഇമർജ് ആകുന്നു. ചിലരിൽ വലിയ ക്രോധത്തിന്റെ രൂപത്തിൽ വരുന്നു, ചിലരിൽ ആവേശത്തിന്റെ രൂപത്തിൽ വരുന്നു, ചിലരിൽ മൂന്നാം ക്രമത്തിൽ അസ്വാസ്ഥ്യത്തിന്റെ രൂപത്തിൽ വരുന്നു. അസ്വാസ്ഥ്യം എന്തെന്ന് മനസ്സിലായോ? അതും ക്രോധത്തിന്റെ അംശമാണ്, കുറഞ്ഞതാണ്. മൂന്നാം ക്രമത്തിലല്ലേ അതുകൊണ്ട് കുറഞ്ഞതാണ്. ആദ്യത്തേത് ശക്തിയോടെയാണ്, രണ്ടാമത്തേത് അതിൽ നിന്നും അല്പം കുറഞ്ഞത്. പിന്നെ ഇന്നത്തെക്കാലത്ത് എല്ലാവരുടെയും ഭാഷയൊക്കെ റോയലായിട്ടുണ്ട്. റോയൽ രൂപത്തിൽ എന്താണ് പറയുന്നത്? കാര്യമേ അങ്ങനെയായിരുന്നു, ആവേശം വരുക തന്നെ ചെയ്യും. അപ്പോൾ ബാപ്ദാദ എല്ലാവരിൽ നിന്നും ഈ ഗിഫ്റ്റ് എടുക്കാൻ ആഗ്രഹിക്കുന്നു – ക്രോധം വിടുക തന്നെ വേണം. എന്നാൽ ക്രോധത്തിന്റെ അംശവും ബാക്കിയുണ്ടാകരുത്. എന്തുകൊണ്ട്? ക്രോധത്തിൽ വന്ന് ഡിസ്സർവ്വീസ് ചെയ്യുന്നു. കാരണം ക്രോധം വരുന്നത് രണ്ടുപേരുടെ ഇടയിലാണ്. ഒറ്റയ്ക്കല്ല, രണ്ടുപേരുടെ ഇടയിലാകുമ്പോൾ അത് കാണപ്പെടുന്നു. മനസ്സിലും ആരോടെങ്കിലും വെറുപ്പിന്റെ ഭാവം അംശമെങ്കിലും ഉണ്ടെങ്കിൽ മനസ്സിലായാലും ആ ആത്മാവിനെ പ്രതി ആവേശം തീർച്ചയായും വരുന്നു. ബാപ്ദാദയ്ക്ക് ഈ ഡിസ്സർവ്വീസിന്റെ കാരണം ഒട്ടും ഇഷ്ടപ്പെടുന്നില്ല. ക്രോധത്തിന്റെ ഭാവം അംശമായി പോലും ഉണ്ടാകരുത്. ഏതുപോലെ ബ്രഹ്മചര്യത്തിന് മേൽ ശ്രദ്ധ നൽകുന്നു, അങ്ങനെ തന്നെ കാമം മഹാശത്രു, ക്രോധം മഹാശത്രു എന്ന് പാടപ്പെടുന്നു. ശുഭ ഭാവം പ്രേമ ഭാവം ഇമർജ്ജ് ആകുന്നില്ല. പിന്നെ മൂഡ് ഓഫാകുന്നു. ആ ആത്മാവിൽ നിന്നും ഒഴിഞ്ഞു മാറും. മുന്നിൽ വരില്ല, സംസാരിക്കില്ല. അവരുടെ കാര്യങ്ങളെ എതിർക്കും. മുന്നേറാൻ സമ്മതിക്കില്ല. ഇതെല്ലാം പുറമേയുള്ളവർക്കും മനസ്സിലാകും പിന്നെ പറയുന്നു ഇന്നിവർക്ക് സുഖമില്ല, വേറെയൊന്നുമില്ല. അപ്പോൾ ജന്മദിനത്തിന്റെ ഈ ഗിഫ്റ്റ് തരാൻ സാധിക്കുമോ? ശ്രമിക്കാം എന്നുള്ളവർ കൈ പൊക്കൂ. സമ്മാനം തരാൻ ആലോചിക്കാം, ശ്രമിക്കാം എന്നുള്ളവർ കൈ പൊക്കു. സത്യമായ ഹൃദയത്തിൽ സാഹിബ് സംപ്രീതനാണ്. (പല സഹോദര സഹോദരികളും എഴുന്നേറ്റ് നിന്നു) പതുക്കെ പതുക്കെ എണീക്കുകയാണ്. സത്യം പറയുന്നതിന് ആശംസകൾ. ശരി ആരാണോ ശ്രമിക്കാം എന്ന് പറഞ്ഞത്, തീർച്ചയായും ശ്രമിക്കൂ എന്നാൽ ശ്രമിക്കുന്നതിനു എത്ര സമയം വേണം? ഒരു മാസം വേണം, ആറ് മാസം വേണം, എത്ര വേണം? വിടുമോ അതോ വിടാനുള്ള ലക്ഷ്യമേയില്ല എന്നാണോ? ആര് ശ്രമിക്കാം എന്ന് പറഞ്ഞുവോ അവർ പിന്നെയും എഴുന്നേൽക്കൂ. ആര് ഒന്നു രണ്ടു മാസം ശ്രമിച്ചിട്ട് വിടാം എന്നു ചിന്തിക്കുന്നവർ അവർ ഇരുന്നോളൂ. ആര് മനസ്സിലാക്കുന്നോ ആറ് മാസം വേണം, ആറ് മാസം മുഴുവനെടുത്താലും കുറയ്ക്കണം, ഈ കാര്യം വിട്ടുകളയരുത് കാരണം ഇത് വളരെ ആവശ്യമാണ്. ഈ ഡിസ്സർവീസ് കാണപ്പെടുന്നു. വായ് കൊണ്ട് പറഞ്ഞില്ലെങ്കിലും മുഖം പറയുന്നു ഇതിനാൽ ആര് ധൈര്യം കാണിക്കുന്നുവോ അവർക്കെല്ലാം മേൽ ബാപ്ദാദ ജ്ഞാനം, പ്രേമം, സുഖം, ശാന്തിയുടെ മുത്തുകളുടെ വർഷം നടത്തുകയാണ്. ശരി

ബാപ്ദാദ റിട്ടേണായി സമ്മാനമായി ഈ വിശേഷ സഭയ്ക്ക് വരദാനം നൽകുകയാണ് – അബദ്ധത്തിൽ, ആഗ്രഹിച്ചില്ലെങ്കിലും എപ്പോഴെങ്കിലും ക്രോധം വരികയാണെങ്കിൽ ഹൃദയം കൊണ്ട് 'മധുരമായ ബാബ' എന്ന വാക്ക് പറയണം, അപ്പോൾ ബാബയുടെ എക്സ്ട്രാ സഹായം ധൈര്യമുള്ളവർക്ക് തീർച്ചയായും ലഭിച്ചു കൊണ്ടിരിക്കും. മധുരമായ ബാബ എന്ന് പറയണം, ബാബ എന്ന് മാത്രമല്ല, 'മധുരമായ ബാബ' എങ്കിൽ സഹായം ലഭിക്കും, തീർച്ചയായും ലഭിക്കും കാരണം ലക്ഷ്യം വെച്ചിരിക്കുകയല്ലേ. അപ്പോൾ ലക്ഷ്യത്തിലൂടെ ലക്ഷണം വരുക തന്നെ വേണം. മധുബൻകാർ കൈ പൊക്കൂ. ശരി – ചെയ്യുക തന്നെ വേണ്ടേ! (ഹാംജീ – ഉവ്വ്) ആശംസകൾ. വളരെ നല്ലത്. ഇന്ന് പ്രത്യേകിച്ച് മധുബൻകാർക്ക് ടോളി നൽകും. നന്നായി പരിശ്രമിക്കുന്നുണ്ട്. ക്രോധത്തിനായല്ല, പരിശ്രമത്തിന് നൽകുന്നു. എല്ലാവരും ചിന്തിക്കും കൈ ഉയർത്തിയത് കൊണ്ട് ടോളി ലഭിക്കും എന്നാണ്. വളരെ നന്നായി പരിശ്രമിക്കുന്നു. എല്ലാവരെയും സേവനത്തിലൂടെ സന്തുഷ്ടമാക്കുക, ഇത് മധുബനിന്റെ ഉദാഹരണമാണ് ഇതിനാൽ ഇന്ന് വായിൽ മധുരം തരും. താങ്കൾ എല്ലാവരും ഇവരുടെ വായുടെ മധുരം കണ്ട് തന്റെയും വായിൽ മധുരം ഇടണം, സന്തോഷമാവില്ലേ. ഇതും ഒരു ബ്രാഹ്മണ കൾച്ചർ ആണ്. ഈയിടെ താങ്കൾ കൾച്ചർ ഓഫ് പീസിന്റെ (ശാന്തിയുടെ സംസ്കാരം) പ്രോഗ്രാം ഉണ്ടാക്കുകയല്ലേ. ഇതും ഒന്നാം നമ്പർ സംസ്കാരമാണ് – 'ബ്രാഹ്മണ ജീവിതത്തിന്റെ സഭ്യത.' ബാപ്ദാദ കണ്ടൂ, ദാദി ഉപഹാരം തരാറില്ലേ. അതിൽ ഒരു ചണത്തിന്റെ സഞ്ചിയുണ്ട്. അതിൽ എഴുത്തുണ്ട് – 'കുറച്ചു സംസാരിക്കൂ, പതുക്കെ സംസാരിക്കൂ, മധുരമായി സംസാരിക്കൂ.' ഇന്ന് ബാപ്ദാദ ഈ ഉപഹാരം തരുകയാണ്, ചണത്തിന്റെ സഞ്ചിയല്ല, വരദാനമായി ഈ വാക്കുകൾ നൽകുകയാണ്. ഓരോ ബ്രാഹ്മണന്റെയും മുഖത്ത് നിന്നും ചലനത്തിൽ നിന്നും ബ്രാഹ്മണ കൾച്ചർ പ്രത്യക്ഷമാകണം. പ്രോഗ്രാം ഉണ്ടാക്കുന്നു, പ്രഭാഷണവും നടത്തുന്നു എന്നാൽ ആദ്യം സ്വയം തന്നിൽ ഈ സഭ്യത ആവശ്യമാണ്. ഓരോ ബ്രാഹ്മണാത്മാവും പുഞ്ചിരിച്ചു കൊണ്ട് ഓരോരുത്തരുടെയും

സമ്പർക്കത്തിൽ വരണം. ചിലരോട് ഇങ്ങനെ ചിലരോട് വേറെ, അല്ല. ആരെയും കണ്ട് തന്റെ കൾച്ചർ വിടരുത്. കഴിഞ്ഞത് മറക്കൂ. പുതിയ സംസ്കാരം – സഭ്യതയുടെ – ജീവിതത്തിൽ കാണിക്കൂ. ഇപ്പൊൾ കാണിക്കണം, ശരിയല്ലേ. (എല്ലാവരും ശരിയെന്ന് പറഞ്ഞു)

ഇത് വളരെ നല്ലതാണ് ഡബിൾ വിദേശികൾ ഭൂരിപക്ഷവും ഹാൻ ജി (ശരി) എന്ന് പറയുന്നതിൽ വളരെ മിടുക്കരാണ്. നല്ലതാണ് – ഭാരതവാസികളുടെ ഒരു മര്യദയാണ് 'ഹാൻജി (ഉവ്വ്) എന്ന് പറയുക.' മായയോട് മാത്രം നാജി(ഇല്ല) എന്ന് പറയൂ, മറ്റ് ആത്മാക്കൾക്ക് ഹാൻ ജി, ഹാൻ ജി എന്ന് പറയൂ. മായയ്ക്കു നാ ജി, നാ ജി പറയൂ. ശരി. എല്ലാവരും ജന്മദിനം ആഘോഷിച്ചോ? ആഘോഷിച്ചു, ഗിഫ്റ്റ് നൽകി, ഗിഫ്റ്റ് എടുത്തു.

ശരി – താങ്കളോടൊപ്പമൊപ്പം പലയിടത്തും കൂട്ടമായി ഇരിക്കുകയാണ്. ചിലയിടത്ത് ചെറിയ സഭ, ചിലയിടത്ത് വലിയ സഭ, എല്ലാവരും കേൾക്കുകയാണ്, കാണുകയാണ്. അവരോടും ബാപ്ദാദ ഇതാണ് പറയുന്നത് ഇന്നത്തെ ദിവസം താങ്കളെല്ലാവരും ഗിഫ്റ്റ് തന്നോ ഇല്ലയോ? എല്ലാവരും പറയുന്നു ഹാംജി ബാബ. നല്ലതാണ് ദൂരെയിരിക്കെയും മുന്നിലിരുന്ന് കേൾക്കുകയാണ് ,കാരണം സയൻസുകാർ ഇത്രയും പരിശ്രമം ചെയ്യുന്നു, വളരെ പരിശ്രമിക്കുന്നില്ലേ. അപ്പോൾ ഏറ്റവും കൂടുതൽ ഫലം ബ്രാഹ്മണർക്ക് ആകണ്ടെ! ഇതിനാൽ സംഗമയുഗം ആരംഭിച്ചത് മുതൽ സയൻസിന്റെ സാമഗ്രികളും വർദ്ധിച്ചു വരുന്നു. സത്യയുഗത്തിൽ താങ്കളുടെ ദേവതാ രൂപത്തിൽ ഈ സയൻസ് സേവനം നൽകും എന്നാൽ സംഗമയുഗത്തിലും സയൻസിന്റെ സാമഗ്രികൾ താങ്കൾ ബ്രാഹ്മണ ആത്മാക്കൾക്ക് ലഭിക്കുകയാണ്, സേവനത്തിലും, പ്രത്യക്ഷമാക്കുന്നതിലും ഈ സയൻസിന്റെ സാമഗ്രികൾ വളരെ വിശാല രൂപത്തിൽ സഹയോഗിയാകും. ഇതിനാൽ സയൻസിൽ നിമിത്തമാകുന്ന കുട്ടികൾക്കും ബാപ്ദാദ പരിശ്രമത്തിന് ആശംസകൾ നൽകുന്നു.

ബാക്കി ബാപ്ദാദ കണ്ടു മധുബനിലും ദേശ വിദേശത്തിൽ നിന്നും വളരെ മനോഹരമായ കാർഡ്, കത്ത്, പലരിലൂടെയും സ്നേഹസ്മരണകൾ, സന്ദേശം അയച്ചിട്ടുണ്ട്. ബാപ്ദാദ അവർക്കും വിശേഷ സ്നേഹസ്മരണയും ജന്മ ദിനത്തിന്റെ പദം–പദം–പദം–പദം മടങ്ങ് ആശംസകൾ അയക്കുകയാണ്. എല്ലാ കുട്ടികളും ബാപ്ദാദയുടെ നയനങ്ങളുടെ മുന്നിൽ വരുന്നു. താങ്കൾ എല്ലാവരും കാർഡ് മാത്രമേ കണ്ടുള്ളൂ, എന്നാൽ ബാപ്ദാദ കുട്ടികളെയും നയനങ്ങളിലൂടെ കാണുകയാണ്. വളരെ സ്നേഹത്തോടെ അയക്കുന്നു, അതേ സ്നേഹത്തോടെ ബാപ്ദാദ സ്വീകരിക്കുന്നു. ചിലർ തങ്ങളുടെ അവസ്ഥയെക്കുറിച്ചും എഴുതിയിട്ടുണ്ട് അതിനായി ബാപ്ദാദ പറയുന്നു – പറക്കൂ പറപ്പിക്കൂ. പറക്കുന്നത്തിലൂടെ എല്ലാ കാര്യങ്ങളും താഴെയാകും താങ്കൾ സദാ ഉയർന്നതിലും ഉയർന്ന ബാബയോടൊപ്പം ഉയർന്നിരിക്കും. സെക്കൻഡിൽ സ്റ്റോപ്പും, സ്റ്റോക്ക് – ശക്തികളുടെയും ഗുണങ്ങളുടെയും ഇമർജായി വെയ്ക്കൂ. ശരി

നാലു വശത്തുമുള്ള സർവ്വ ശ്രേഷ്ഠ ബ്രാഹ്മണാത്മാക്കൾ, സദാ ബാബയുടെ കമ്പനിയിലിരിക്കുന്നവർ, ബാബയെ കംപാനിയൻ ആക്കുന്ന സ്നേഹീ ആത്മാക്കൾ, സദാ ബാബയുടെ ഗുണങ്ങളുടെ സാഗരത്തിൽ ലയിച്ചിരിക്കുന്ന സമാനരായ ബാപ്ദാദയുടെ ശ്രേഷ്ഠാത്മാക്കൾ, സദാ സെക്കൻഡിൽ ബിന്ദു ഇടുന്ന മാസ്റ്റർ സിന്ധു സ്വരൂപാത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹസ്മരണയും വളരെ വളരെ ആശംസകൾ, ആശംസകൾ, ആശംസകൾ. നമസ്തേ ബാപ്ദാദ എല്ലാ സമയവും, എല്ലാ കുട്ടിക്കും നൽകുന്നു, ഇന്നും നമസ്തേ.

## വരദാനം:– പവിത്രതയുടെ ശക്തിശാലി ദൃഷ്ടി വൃത്തിയിലൂടെ സർവ്വ പ്രാപ്തികളും ചെയ്യിപ്പിക്കുന്ന ദുഃഖം ഹരിച്ചു സുഖം നൽകുന്നവരായി ഭവിക്കട്ടെ.

സയൻസിന്റെ മരുന്നുകൾ ഇന്ന് ശക്തിയാണ് അത് ദുഃഖം സമാപ്തമാക്കുന്നു എന്നാൽ പവിത്രതയുടെ ശക്തി അർത്ഥം സൈലൻസിന്റെ ശക്തിയിൽ ആശീർവാദത്തിന്റെ ശക്തിയുണ്ട്. ഈ പവിത്രതയുടെ ശക്തിശാലി ദൃഷ്ടി വൃത്തി സദാകാലത്തെ പ്രാപ്തി ചെയ്യിപ്പിക്കുന്നതാണ് .ഇതിനാലാണ് താങ്കളുടെ വിഗ്ര ഹങ്ങൾക്കുമുന്നിൽ ഓ ദയാലു, ദയ കാട്ടൂ എന്ന് പറഞ്ഞു ദയയും ആശീർവാദവും ചോദിക്കുന്നത്. അപ്പോൾ ചൈതന്യത്തിൽ ദുഃഖം ഹരിച്ച് സുഖം നല്കുന്നവരായി ദയ കാട്ടിയിരുന്നു. അതിനാലാണ് ഭക്തിയിൽ പൂജിക്കപ്പെടുന്നത്.

## സ്ലോഗൻ:– സമയത്തിന്റെ സമീപത അനുസരിച്ച് സത്യമായ തപസ്സ് അല്ലെങ്കിൽ സാധനയാണ് പരിധിയില്ലാത്ത വിരക്തി.

**സൂചന:-** ഇന്ന് മാസത്തിലെ മൂന്നാം ഞായാറാഴ്ച അന്താരാഷ്ട്ര യോഗ ദിവസമാണ്, എല്ലാ ബ്രാഹ്മണവത്സരും സംഘടിതരൂപത്തിൽ വൈകിട്ട് 6:30 മുതൽ 7:30 വരെ വിശേഷിച്ച് തന്റെ മാസ്റ്റർ ദാതാ സ്വരൂപത്തിൽ സ്ഥിതി ചെയ്ത്, സർവ്വാത്മാക്കൾക്കും മനസ്സിലൂടെ സർവ്വ ശക്തികൾ ദാനം ചെയ്യണം, വരദാനം നൽകണം, നിറവിന്റെ അനുഭവം ചെയ്യിപ്പിക്കണം.